DESPATCHED
On 25/10/22



സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
തിരുവനന്തപുരം 695 001
E-mail: sic.ker@nic.in

ഹർജി നമ്പർ **AP No. 1270(1)/2022/SIC** തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം
(ഫയൽ നമ്പർ: 10351/SIC-G4/2022)
(ഉത്തരവുകൾ sic.kerala.gov.in ൽ ലഭ്യമാണ്)

സന്നിഹിതൻ
ഡോ. വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ
**തീയതി : 2022 ഒക്ടോബർ 19**

ശ്രീമതി രാധാമണി അമ്മ കെ.,
പങ്കജം വിലാസം,
ഇളമ്പ പി.ഒ., ആറ്റിങ്ങൽ,
തിരുവനന്തപുരം – 695 103.
— അപ്പീൽ ഹർജിക്കാരി

1) സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
ജവഹർലാൽ നെഹ്റു ട്രോപ്പിക്കൽ ബൊട്ടാണിക് ഗാർഡൻ & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്
(കെ.എസ്.സി.എസ്.ടി.ഇ.), കരിമൻകോട് പി.ഒ.,
പച്ച പാലോട്, തിരുവനന്തപുരം.

2) അപ്പീൽ അധികാരി & ഡയറക്ടർ,
ജവഹർലാൽ നെഹ്റു ട്രോപ്പിക്കൽ ബൊട്ടാണിക് ഗാർഡൻ & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്,
(കെ.എസ്.സി.എസ്.ടി.ഇ.), കരിമൻകോട് പി.ഒ.,
പച്ച പാലോട്, തിരുവനന്തപുരം.
— എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ സമർപ്പിച്ച തീയതി | 11/05/2022 |
| മറുപടി ലഭ്യമാക്കിയ തീയതി | 20/05/2022 |
| ഒന്നാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 28/05/2022 |
| മറുപടി ലഭ്യമാക്കിയ തീയതി | 17/06/2022 |
| രണ്ടാം അപ്പീൽ അപേക്ഷ സമർപ്പിച്ച തീയതി | 05/07/2022 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 05/07/2022 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 19/07/2022 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 29/08/2022 |
| ഹിയറിംഗ് നടന്ന തീയതി | 19/10/2022 വീഡിയോ/ഓഡിയോ ഹിയറിംഗ് |
| ഹിയറിംഗ് സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരി: | ഹാജരായി (പ്രതിനിധി) |
| എതിർകക്ഷികൾ | ഹാജരായി |

## ഉത്തരവ്

ശ്രീമതി രാധാമണി അമ്മ, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ടിയാളുടെ ഭർത്താവ് രാമചന്ദ്രൻ നായർ പി., ജെ.എൻ.റ്റി.ബി.ജി.ആർ.ഐ.യിൽ സെക്യൂരിറ്റി ഗാർഡ് തസ്തികയിൽ

ജോലിചെയ്യുകയും 30.11.2007 ൽ വിരമിക്കുകയും തുടർന്ന് 24.8.2020 തീയതി മരണപ്പെടുകയും ചെയ്തു. അദ്ദേഹത്തിന്റെ റിട്ടയർമെന്റ് ആനുകൂല്യങ്ങളെ സംബന്ധിച്ചുള്ള വിവരങ്ങൾ അറിയുന്നതിനായിട്ടായി വിവരാവകാശ നിയമപ്രകാരം ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് ലഭിച്ച മറുപടിയിൽ, വിരമിക്കൽ ആനുകൂല്യങ്ങൾ വ്യക്തിഗത വിവരങ്ങളാകയാൽ നൽകാൻ നിർവ്വാഹമില്ലെന്നുമാണ്. ടി മറുപടി തൃപ്തികരമല്ലാത്തതിനാൽ അപ്പീൽ അപേക്ഷ സമർപ്പിച്ചു എന്നും ആയതിനും തൃപ്തികരമായ മറുപടി ലഭിച്ചില്ല എന്നും ആയതിനാൽ അപേക്ഷയിൽ ആവശ്യപ്പെട്ട വിവരങ്ങൾ പൂർണ്ണമായി ലഭ്യമാക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളണമെന്നുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ 11.05.2022-ന് സമർപ്പിച്ച വിവരാവകാശ അപേക്ഷയിൽ ഹർജിക്കാരി ആവശ്യപ്പെട്ടത് താഴെ പറയുന്ന വിവരങ്ങളാണ്:

i. സുരക്ഷാ ജീവനക്കാരനായി ജോലി ചെയ്ത് 30.11.2007-ന് ജെ.എൻ.റ്റി.ബി.ജി.ആർ.ഐ.യിൽ നിന്ന് റിട്ടയർ ചെയ്ത പി.രാമചന്ദ്രൻ നായരുടെ റിട്ടയർമെന്റ് ആനുകൂല്യങ്ങൾ മുഴുവനും നൽകിയിട്ടുണ്ടോ എന്നും

ii. നൽകിയിട്ടുണ്ടെങ്കിൽ ഏത് രീതിയിൽ തീയതി ഉൾപ്പെടെ നൽകണമെന്നും

iii. സ്ഥാപനത്തിൽ നിന്നും പി.രാമചന്ദ്രൻ നായർക്ക് റിട്ടയർമെന്റ് ആനുകൂല്യം ലഭിക്കുവാൻ വല്ലതും ബാക്കിയുണ്ടോ എന്നുമാണ്.

3. മേൽപ്പടി അപേക്ഷയ്ക്ക് 20.05.2022 തീയതി ഒന്നാം എതിർകക്ഷി നൽകിയ മറുപടിയിൽ അറിയിച്ചത്, ടി സ്ഥാപനത്തിൽ സുരക്ഷാജീവനക്കാരനായി ജോലി ചെയ്തിരുന്ന ശ്രീ.പി.രാമചന്ദ്രൻ നായരുടെ വിരമിക്കൽ ആനുകൂല്യങ്ങൾ ടിയാന്റെ വ്യക്തിഗത വിവരങ്ങളാകയാൽ പ്രസ്തുത വിവരങ്ങൾ നൽകാൻ നിർവ്വാഹമില്ല എന്നുമാണ്. മേൽപ്പടി മറുപടിയ്ക്കെതിരെ ഹർജിക്കാരൻ 28.5.2022 തീയതി സമർപ്പിച്ച അപ്പീൽ അപേക്ഷയ്ക്ക് 17.06.2022 തീയതി നൽകിയ മറുപടിയിൽ അറിയിച്ചത്, ടിയാൾ ആവശ്യപ്പെട്ട വിവരങ്ങൾ മൂന്നാമതൊരാളുടെ വ്യക്തിപരമായ വിവരങ്ങളായതിനാലും അത് നൽകുന്നതിൽ യാതൊരു പൊതു താത്പര്യവുമില്ലാത്തതിനാലും എസ്.പി.ഐ.ഒ.യുടെ തീരുമാനം ശരിച്ചുകൊണ്ട് അപ്പീൽ അപേക്ഷ നിരസിക്കുന്നു എന്നാണ്.

4. ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ 12.08.2022-ന് സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ഒരു പബ്ലിക് അതോറിറ്റിയിലെ ഏതെങ്കിലും ജീവനക്കാരുടെ സർവ്വീസുമായി ബന്ധപ്പെട്ട വ്യക്തിപരമായ വിവരങ്ങൾ വിവരാവകാശ നിയമപ്രകാരം അപേക്ഷകർക്ക് നൽകേണ്ടതുണ്ടോ എന്ന വിഷയം ബഹു. സുപ്രീം കോടതി Canara Bank *Vs* C.S.Shyam (civil appeal No.22 of

2009) എന്ന കേസിൽ പരിശോധിക്കുകയും അത്തരം വിവരങ്ങൾ ആവശ്യപ്പെടുന്നതിൽ യാതൊരു പൊതു താത്പ്പര്യവും ഉൾപ്പെട്ടിട്ടില്ലെന്നും വിവരാവകാശ നിയമം 8(1)(ജെ) വകുപ്പു പ്രകാരം അവ വെളിപ്പെടുത്തുന്നതിൽ നിന്നും ഒഴിവാക്കപ്പെട്ടിട്ടുണ്ടെന്നും 31.8.2019-ലെ വിധിന്യായ പ്രകാരം ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത വിധിന്യായത്തിന്റെയും സമാനമായ വിധിന്യായങ്ങളുടെയും അടിസ്ഥാനത്തിൽ Ritu Namedeo *Vs* Central Railway എന്ന കേസ്സിൽ ഹർജിക്കാരി ആവശ്യപ്പെട്ടിട്ടുള്ളത് ഭർത്താവിന്റെ വിവരങ്ങളായതിനാൽ അവ നൽകേണ്ടതില്ല എന്ന് ബഹു. കേന്ദ്ര വിവരാവകാശ കമ്മീഷൻ 27.3.2018-ന് ഉത്തരവായിട്ടുണ്ടെന്നും മേൽപറഞ്ഞ ഉത്തരവുകളുടെ അടിസ്ഥാനത്തിലാണ് ശ്രീമതി രാധാമണി അമ്മയുടെ അപേക്ഷ തീർപ്പാക്കിയിട്ടുള്ളതെന്നുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും കമ്മീഷൻ വിശദമായി പരിശോധിച്ചു. ഹർജിക്കാരനേയും എതിർകക്ഷികളെയും നേരിൽ കേൾക്കുകയുണ്ടായി. പരാതിക്കാരിയായ ശ്രീമതി രാധാമണി അമ്മയ്ക്ക് പകരം ടിയാരിയുടെ മകൻ ശ്രീ. രാകേഷ് പങ്കെടുക്കുകയുണ്ടായി. പുതിയതായി ചാർജ്ജെടുത്ത എസ്.പി.ഐ.ഒ. ഹിയറിംഗിൽ പങ്കെടുക്കുകയും ഫയലിൽ ലഭ്യമായ എല്ലാ വിവരങ്ങളും പരാതിക്കാരിക്ക് നൽകാമെന്ന് കമ്മീഷനു മുമ്പാകെ സമ്മതിക്കുകയുണ്ടായി. അതോടൊപ്പം പരാതിക്കാരിക്ക് ഫയലുകൾ പരിശോധിക്കാനുള്ള അവസരം നൽകുന്നതിനും ആവശ്യമുള്ള രേഖകളുടെ പകർപ്പ് നൽകണമെന്നും ഒന്നാം എതിർകക്ഷിയോട് കമ്മീഷൻ നിർദ്ദേശിക്കുകയുണ്ടായി. ഇക്കാര്യങ്ങൾ എസ്.പി.ഐ.ഒ. നടപ്പാക്കിയിട്ടുണ്ടോ എന്ന് അപ്പീൽ അധികാരി ഉറപ്പ് വരുത്തേണ്ടതാണെന്ന് കമ്മീഷൻ നിർദ്ദേശിച്ചു. വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷകളിൽ സംഭവിക്കുന്ന വീഴ്ച കമ്മീഷൻ വളരെ ഗൗരവായി കാണുന്നതിനാൽ ഭാവിയിൽ വിവരാവകാശ അപേക്ഷകൾ കൈകാര്യം ചെയ്യുമ്പോൾ എസ്.പി.ഐ.ഒ. വളരെ അധികം ശ്രദ്ധിക്കണമെന്നും കമ്മീഷൻ നിർദ്ദേശിക്കുന്നു.

6. മേൽ നിർദ്ദേശിച്ച പ്രകാരം ഈ അപ്പീൽ ഹർജി തീർപ്പാക്കി ഇന്നേ ദിവസം 2022 ഒക്ടോബർ മാസം 19-ാം തീയതി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
ഡോ. വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION THIRUVANANTHAPURAM

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി